ഉത്തരം

(എ) 3-1-2003-ലെ ഇൻഡ്യാഗസറ്റിൽ വിജ്ഞാപനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗ ഉത്തരവ് (ഭേദഗതി) ആക്ട് 2002 പ്രകാരം മാവിലൻ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മുൻഗവൺമെന്റ് ആദിവാസികൾക്ക് നൽകിയ ഭൂമി

144 (1036) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ആദിവാസികൾക്ക് നൽകിയ ഭൂമി വീടുവയ്ക്കുന്നതിനും, കൃഷിചെയ്യുന്നതിനും അനുയോജ്യമായ സ്ഥലമാണോ ;

(ബി) ഇല്ലാത്തപക്ഷം വീടുവയ്ക്കാനും കൃഷി ചെയ്യാനും അനുയോജ്യമല്ലാത്ത എത്ര ഹെക്ടർ സ്ഥലം ഇതിൽപ്പെടുന്നുണ്ടെന്ന് പറയുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആദിവാസികൾക്കായി ഉന്നതാധികാര കമ്മിറ്റി കണ്ടെത്തിയ ഭൂമി

145 (1037) ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് നൽകുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിന് നിയോഗിച്ച ഉന്നതാധികാര മിഷന്നിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു ;

(ബി) അവർ കണ്ടെത്തിയതിൽ എത്ര ഹെക്ടർ സ്ഥലം ആദിവാസികൾക്ക് നൽകി ; ബാക്കി സ്ഥലം നൽകുന്നതിനുള്ള തടസ്സമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചീഫ് സെക്രട്ടറി, ചെയർമാനും, പ്രിൻസിപ്പൽ സെക്രട്ടറി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, വൈസ്ചെയർമാൻ ആന്റ് കൺവീനറും വനം, റവന്യൂ, ആസൂത്രണം, ഗ്രാമവികസനം, ഭക്ഷ്യ-പൊതുവിതരണം, പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ്, തദ്ദേശ സ്വയംഭരണം, ആരോഗ്യ കുടുംബക്ഷേമം, സാമൂഹ്യക്ഷേമം, നിയമം, പൊതുവിദ്യാഭ്യാസം, കൃഷി, ജലസേചനം എന്നീ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറിമാർ, ലാന്റ് റവന്യൂ കമ്മീഷണർ നിക്ഷിപ്ത വനഭൂമിയുടെ കസ്റ്റോഡിയൻ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളുമാണ്.

(ബി) 1429 കുടുംബങ്ങൾക്കായി 913.128 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2656.413 ഹെക്ടർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. തുടക്കത്തിൽ ജില്ലാ കളക്ടർമാർ കണ്ടെത്തിയിരുന്ന പല ഭൂമിയും വിതരണ യോഗ്യമല്ലാത്തവയോ വിതരണത്തിന് നിയമതടസ്സങ്ങൾ ഉള്ളവയോ ആയിരുന്നു.

ആദിവാസികൾക്ക് നൽകുന്നതിന് ഭൂമി കണ്ടെത്താൻ നടപടി

146 (1038) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. എം. മുരളി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് നൽകുന്നതിനായുള്ള ഭൂമി കണ്ടുപിടിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി പുതിയ ഒരു സമിതിയെ നിയോഗിച്ചതിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) അവർ കണ്ടെത്തിയതിൽ എത്ര ഹെക്ടർ സ്ഥലം ആദിവാസികൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

ചീഫ് സെക്രട്ടറി	- അദ്ധ്യക്ഷൻ
സെക്രട്ടറി, വനം, വന്യജീവി	- കൺവീനർ
പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ)	- അംഗം
സെക്രട്ടറി (പട്ടികജാതി പട്ടികവർഗ്ഗവികസനവകുപ്പ്)	- അംഗം
അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മിഷണർ	- അംഗം
പ്രിൻസിപ്പൽ സെക്രട്ടറി (അഹാഡ്സ്)	- അംഗം